പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 900 — 08.03.2012 ൽ മറുപടിയ്ക്ക്

## സപ്ലൈക്കോ സൂപ്പർ മാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ രാജു എബ്രഹാം | ശ്രീ ഷിബുബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച മാവേലി സ്റ്റോർ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ലാഭം മാർക്കറ്റുകൾ തുടങ്ങിയവയിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) സപ്ലൈകോ വിൽപ്പനശാലകളിൽ ചുരുക്കം ചില നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. |
| ബി) ഇത്തരം സ്ഥാപനങ്ങളിലേക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; എന്തുകൊണ്ടാണ് ഇത്തരത്തിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടായത് എന്ന് വിശദമാക്കുമോ | ബി) ഇ-ടെണ്ടർ സംവിധാനം വഴിയാണ് അവശ്യ സാധനങ്ങൾ വാങ്ങി വിതരണം നടത്തുന്നത്. സ്റ്റോക്ക് ലഭ്യമാകുന്നതിൽ വന്ന കാലതാമസവും ഫണ്ടിന്റെ അപര്യാപ്തതയുമാണ് ചില സാധനങ്ങളുടെ ലഭ്യതയിൽ കുറവ് വരാനിടയായത്. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിൽ സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നിലവിൽ തുടർന്ന് വരുന്ന വിതരണ സംവിധാനത്തിനു പുറമേ സബ്സിഡി നിരക്കിൽ ബി.പി.എൽ കാർഡുടമകൾക്ക് കൂടുതൽ അവശ്യവസ്തുക്കൾ വിതരണം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ